39 ദ/18



# വകുപ്പുതല കണക്കു പരിശോധനാ റിപ്പോർട്ട്

## *ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ്, പുഴയ്ക്കൽ.*

| | | |
|---|---|---|
| പരിശോധനാ തീയതി | : | 26.12.2017 മുതൽ30.12.2017 വരെ |
| പരിശോധനാ കാലയളവ് | : | 01.04.2013 മുതൽ 31.03.2017 വരെ |
| പരിശോധനാ വിഭാഗം | : | ഫിനാൻസ്.ഇ ആഡിറ്റ് സെക്ഷൻ |
| പരിശോധനാ ടീമിൽ പങ്കെടുത്തവർ | : | 1. കെ.കെ,പ്രസാദ്(സീനിയർ സൂപ്രണ്ട്) |
| | | 3. കെ.കെ ശ്രീരാജ് (സീനിയർ ക്ളാർക്ക്) |

### പരിശോധനാകാലയളവിൽ ജോലിനോക്കിയിരുന്ന ഉദ്യോഗസ്ഥർ

ബ്ലോക്ക് പട്ടികജാതിവികസന ഓഫീസർമാർ

| | | |
|---|---|---|
| 1.ശ്രീ.ജോൺസൺ ലോറൻസ് | : | 21.06.2011 മുതൽ 03.10.2015 വരെ |
| 2.ശ്രീമതി.സി.എസ്.സുഗുണാഭായ് | : | 03-10-2015 മുതൽ21-11-2016 വരെ |
| 3.ശ്രീ.സുജിത്.എസ് | : | 22.- 11-.2016 മുതൽ 10-07-2017 വരെ |
| 4.ശ്രീ.സുഗുണൻ.സി.ബി | : | 10-07-2017 മുതൽ 18-09-2017 വരെ |
| 5.ശ്രീ.സുജിത്.എസ് | : | 18- 09-.2017 മുതൽ തുടരുന്നു |

തൃശൂർ ജില്ലയിലെ പുഴയ്ക്കൽ ബ്ലോക്ക് പട്ടികജാതിവികസന ഓഫീസിലെ പ്രവർത്തനത്തിന്റെയും പദ്ധതി നിർവ്വഹണത്തിന്റെയും 01-04-2013 മുതൽ31-03-2017 വരെയുള്ള കാലയളവിലെ പരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

## പാർട്ട് I

### ആമുഖം

### (എ) വകുപ്പുതല പരിശോധന.

31-03-2011 വരെയുള്ള കാലയളവിലെ പരിശോധനാ റിപ്പോർട്ടിൻ മേൽ അവശേഷിച്ചിരുന്ന ഖണ്ഡികയ്ക്കുള്ള മറുപടി പട്ടികജാതിവികസന ഓഫീസർ നൽകിയതിന്റെ അടിസ്ഥാനത്തിൽ 20-02-2015 -ലെ ഫിൻ ബി.1.9676/12 പ്രകാരം തീർപ്പാക്കിയതായി കാണുന്നു. 01-04-2011 മുതൽ 31-03-2013 വരെയുള്ള പരിശോധനാ റിപ്പോർട്ടിൻമേൽ 30-11-2016 -ലെ

scd.pkl.06/2016 കത്ത് പ്രകാരം മറുപടി നൽകിയിട്ടുണ്ട്. ഇതിന്മേലുള്ള തീരുമാനം ഡയറക്ടറേറ്റിൽ നിന്നും ലഭിച്ചതായി കാണുന്നില്ല.

(ബി) അക്കൗണ്ടന്റ് ജനറലിന്റെ പരിശോധന സംബന്ധിച്ച്.

(എ) അക്കൗണ്ടന്റ് ജനറലിന്റെ വിവിധ കാലയളവിലെ പരിശോധനകളിൽ ശേഷിക്കുന്ന ഖണ്ഡികകൾ

1.OA(HQ)IV/II/12-166/13-14 റിപ്പോർട്ടിലെ പാര. II(b) ഖണ്ഡിക I,II.IV

2.OA(HQ)IV/II/12-122/15-16 റിപ്പോർട്ടിലെPart.II.b para I&II

ഇതിൻമേലുള്ള മറുപടികൾ അടിയന്തിരമായി നൽകി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ് .

അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനാവിഭാഗം 23-09-2016 മുതൽ 24-09-2016 വരെയുള്ള കാലയളവിൽ ഓഫീസ് സന്ദർശിച്ച് പരിശോധന നടത്തി യിട്ടുണ്ട്..ഈ പരിശോധനയിൽ ഉന്നയിച്ച പ്രധാന സംശയങ്ങൾ.

1.Delay in completion of construction of house

2. Delay in completion of construction of toilet.

3. irregular fixation of pay of smt.Sunitha Jose chittilapally.

ഇതിൻമേലുള്ള മറുപടി 27-12-2016 ൽ നല്കിയതായി കാണുന്നു.ടി മറുപടി അംഗീകരിച്ചതായ രേഖകൾ ഫയലിൽ ലഭ്യമല്ല.

## പാർട്ട് II

**I ക്യാഷ് ബുക്കും അനുബന്ധ രേഖകളും.**

1. 18-12-2017 വരെ ക്യാഷ്ബുക്ക് എഴുതിയിട്ടുണ്ട്. പരിശോധനാ സമയത്ത്

   ക്യാഷ് ബാലൻസ് Nil ആണ്.

2. ബിൽ നം. CB.84/13-14 പ്രകാരം ട്രഷറിയിൽ 29250/- രൂപയുടെ ബില്ല് നല്കിയതായി കാണുന്നു.എന്നാൽ ബിൽബുക്ക് പ്രകാരം 18-03-2014 ന് in cash കോളത്തിൽ 29250/-രൂപയും, DD/Cheque കോളത്തിൽ 29250/-രൂപയും ഉൾപ്പെടെ 58500/- രൂപ പാസ്സാക്കിയിരിക്കുന്നതായി കാണുന്നു.എന്നാൽ ക്യാഷ് ബുക്കിൽ ടി തീയതിയിൽ 29250/- രൂപ മാത്രമേ വരവ് കാണിച്ചിട്ടുള്ളൂ. വിശദീകരണം നൽണ്ടതാണ്.

3. TR.7A[Rule 92(a)] പ്രകാരമുള്ള ക്യാഷ്ബുക്കിൽ daily transaction ആണ് രേഖപ്പെടുത്തേണ്ടത്.ഇതിന് വിരുദ്ധമായി 11-04-2014,07-04-2014 തീയതികളി ലേയും,30-11-2014,05-12-2014 എന്നീ തീയതികളിലേയും transaction ഓരോ പേജുകളിൽ രേഖപ്പെടുത്തിയിരിക്കുന്നു.ഇത്തരം വീഴ്ചകൾ ആവർത്തിക്കാതി രിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

4. ബിൽ നം. CB.84/13-14 പ്രകാരം 30-01-2016 ന് ട്രഷറിയിൽ നിന്നും തേർച്ച ചെയ്തത് 1,00,000/- രൂപയാണെന്ന്കാണുന്നു.എന്നാൽ 30-01-2016 ന് ക്യാഷ് ബുക്കിൽ 10,000/-രൂപയാണ് വരവ് കാണിച്ചിരിക്കുന്നത്. വിശദീകരണം നല്കേണ്ടതാണ്.

5. 01-04-2013 മുതൽ 31-03-2017 വരെ യുള്ള സാമ്പത്തികവർഷാന്ത്യത്തിലെ ക്യാഷ് ബാലൻസ് വിവരം ചുവടെ ചേർക്കുന്നു.

(1). 31-03-2014-1828686/-

(2). 31-03-2015-3298595/-

(3). 31-03-2016-2525218/-

(4). 31-03-2017- Nil

5. ബിൽബുക്കിൽ ഇല്ലാത്തതും എന്നാൽ ക്യാഷ്ബുക്കിൽ വരവും ചെലവും കാണിച്ചിട്ടുള്ളതുമായ തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| Sl.No. | Date | Item | Amount |
|---|---|---|---|
| 1 | 10-05-2013 | Treatment Grant | 92,000/- |
| 2 | 10-09-2013 | ,, | 63,000/- |
| 3 | 20-11-2013 | ,, | 45,000/- |
| 4 | 28-01-2014 | ,, | 1,10,000/- |
| 5 | 21-06-2014 | ,, | 70,000/- |
| 6 | 30-09-2014 | ,, | 2,00,000/- |
| 7 | 16-10-2014 | Marriage Grant | 5,50,000/- |
| 8 | 29-01-2015 | Boarding Grant | 64,228/- |
| 9 | 11-02-2015 | Treatment Grant | 3,08,000/- |
| 10 | 24-03-2015 | ,, | 1,75,000/- |
| 11 | 31-03-2015 | Boarding Grant | 55,000/- |
| 12 | 27-05-2015 | Treatment Grant | 3,25,000/- |
| 13 | 22-08-2015 | ,, | 3,85,000/- |
| 14 | 28-10-2015 | Boarding Grant | 49,000/- |
| 15 | 17-11-2015 | Treatment Grant | 10,000/- |
| 16 | 15-12-2015 | ,, | 65,000/- |
| 17 | 21-12-2015 | Uniform Grant | 12,500/- |
| 18 | 31-12-2015 | Boarding Grant | 34,500/- |
| 19 | 11-02-2015 | Treatment Grant | 2,55,000/- |
| 20 | 29-02-2016 | Meritorius Sc/ship | 1,00,000/- |
| 21 | 30-03-2016 | Boarding Grant | 4000/- |
| 22 | 30-03-2016 | Boarding Grant | 30,500/- |

ടി തുകകളുടെ ഉറവിടം വ്യക്തമാക്കേണ്ടതാണ്.

6. ജില്ലാ പട്ടികജാതിവികസന ഓഫീസിൽനിന്നും മറ്റും പണമായും ചെക്കായും ലഭിക്കുന്ന തുകകൾ സി.ആർ.ഡി.ആർ.വഴിലഭ്യമാക്കുകയും അതിൽ ഇരു ഓഫിസർമാരും സാക്ഷ്യപ്പെടുത്തലുകൾ വരുത്തുകയും,ടി തുകകൾ സബ്സിഡിയറി ക്യാഷ്ബുക്കിൽ രേഖപ്പെടുത്തുകയും വേണമെന്നും വ്യവസ്ഥ യുള്ളപ്പോൾ അപ്രകാരം ചെയ്യാതിരുന്നതിന് വിശദീകരണം നല്കേണ്ടതാണ്.

ക്യാഷ്ബുക്കിൽ ചെലവ് രേഖപ്പെടുത്തിയതും,അക്വിറ്റൻസിൽ തുക വിതരണം നടത്തിയതുമായ താഴെപ്പറയുന്ന തുകകളുടെ പണംപറ്റ് രസീതുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| Sl.No | Date | Purticulars | Amount |
|---|---|---|---|
| 1 | 14-04-2013 | HM, സെന്റ് ജോർജ്ജ്, പുറ്റേക്കര | 750/- |
| 2 | 29-03-2014 | സ്വയം തൊഴിൽ | 2,82,499/- |
| 3 | 24-02-2015 | CBSC-Edn.Con | 97,667/- |
| 4 | 24-02-2015 | | 86,667/- |
| 5 | 30-03-2015 | KSEB | 3,300/- |
| 6 | 31-03-2015 | വിഞ്ജാൻവാടി | 609/- |
| 7 | ,, | ,, | 828/- |
| 8 | 10-04-2015 | ശാരദാമഠം പുറന്നാട്ടുകര | 40,000/- |
| 9 | ,, | ശ്രീരാമകൃഷ്ണ മഠം പുറന്നാട്ടുകര | 4,000/- |
| 10 | ,, | TWCCS.Ltd തൃശ്ശൂർ | 11,000/- |
| 11 | 05-06-2015 | സെന്റ് തോമസ് എച്ച്.എസ്സ് തിരൂർ | 1,57,000/- |
| 12 | 15-06-2015 | കലാസമിതി എൽ.പി.എസ്. | 6,000/- |
| 13 | ,, | സെന്റ് തോമസ് എച്ച്.എസ്സ് തിരൂർ | 18,000/- |
| 14 | ,, | എ.എൽ.പി.എസ്.ആട്ടോർ | 4,000/- |
| 15 | 04-06-2015 | AVM LPS പാമ്പൂർ | 3,000/- |
| 16 | --- | St,Thomas LPS തിരൂർ | 1,26,000/- |
| 17 | 12-08-2015 | GLPS തിരൂർ | 26,000/- |
| 18 | 10-03-2015 | AMV LPS പാമ്പൂർ | 22,000/- |
| 19 | 16-09-2015 | കേന്ദ്രീയ വിദ്യാലയം പുറനാട്ടുകര | 4,250/- |
| 20 | ,, | St,Thomas LPS തിരൂർ | 750/- |
| 21 | ,, | കേന്ദ്രീയ വിദ്യാലയം പുറനാട്ടുകര | 3,18,000/- |
| 22 | ,, | St,Thomas LPS തിരൂർ | 6,000/- |
| 23 | 17-09-2015 | കാനറ ബാങ്ക് കൈപ്പറമ്പ് | 56,667/- |
| 24 | 29-10-2015 | കേന്ദ്രീയ വിദ്യാലയം പുറനാട്ടുകര | 6,36,480/- |
| 25 | ,, | വിജ്ഞാൻവാടി | 1,638/- |
| 26 | ,, | ,, | 678/- |
| 27 | ,, | ,, | 870/- |
| 28 | ,, | ,, | 1,399/- |

| | | | |
|---|---|---|---|
| 29 | 31-10-2015 | ,, | 1,898/- |
| 30 | ,, | ,, | 360/- |
| 31 | ,, | ,, | 750/- |
| 32 | 07-11-2015 | ശ്രീരാമകൃഷ്ണ മഠം പുറനാട്ടുകര | 10,000/- |
| 33 | 04-12-2015 | വിജ്ഞാൻവാടി | 1,501/- |
| 34 | ,, | ,, | 789/- |
| 35 | 05-12-2015 | ,, | 17/- |
| 36 | ,, | ,, | 890/- |
| 37 | 21-12-2015 | ,, | 638/- |
| 38 | 26-12-2015 | ,, | 607/- |
| 39 | 28-12-2015 | ,, | 3,044/- |
| 40 | 31-12-2015 | സ്റ്റേഷനറി | 1,000/- |
| 41 | ,, | വിജ്ഞാൻവാടി | 964/- |
| 42 | 16-10-2016 | വിദേശതൊഴിൽ | 21,600/- |
| 43 | 01-02-2016 | വിജ്ഞാൻവാടി | 506/- |
| 44 | 29-02-2016 | ,, | 1,030/- |
| 45 | ,, | ,, | 426/- |
| 46 | ,, | ,, | 330/- |
| 47 | 11-03-2016 | ,, | 1,760/- |
| 48 | 17-03-2016 | ,, | 1,320/- |
| 49 | 21-03-2016 | വിദേശതൊഴിൽ | 50,000/- |
| 50 | 22-03-2016 | വിദേശതൊഴിൽ | 50,000/- |
| 51 | 28-03-2016 | വിജ്ഞാൻവാടി | 190/- |
| 52 | ,, | ,, | 1,000/- |
| 53 | ,, | ,, | 1,073/- |
| 54 | ,, | ,, | 900/- |
| 55 | ,, | ,, | 1,000/- |
| 56 | ,, | ,, | 1,557/- |
| 57 | 29-03-2016 | ,, | 18/- |
| 58 | 30-03-2016 | ,, | 948/- |
| 59 | ,, | ,, | 1,399/- |
| 60 | 07-04-2016 | സിൻഡിക്കേറ്റ് ബാങ്ക് പുറനാട്ടുകര | 1,21,667/- |
| 61 | 16-11-2016 | സ്റ്റാമ്പ് | 400/- |
| 62 | ,, | സ്റ്റേഷനറി | 600/- |

ഇവ കണ്ടെടുത്ത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്

## II അക്വിറ്റൻസ്(ജീവനക്കാര്യം).

പരാമർശം ഇല്ല.

## III അക്വിറ്റൻസ്.(എസ്.സി പ്രമോട്ടർമാർ &അപ്രന്റിസ് ക്ലാർക്ക്).

ബിൽ.നം.CB..44/13-14 പ്രകാരം 08-11-2013 ന് ട്രഷറിയിൽനിന്നും 5000/- രൂപ തേർച്ചചെയ്തത് അന്നേദിവസംതന്നെ ക്യാഷ്ബുക്കിൽ വരവ് ചേർത്തിട്ടുണ്ട്.എന്നാൽ അക്വിറ്റൻസിൽ 70,72 പേജുകളിലായി രണ്ടുതവണ ടി തുക കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടുണ്ട്.(ശ്രീമതി.ബിന്ദു.പി.ഡി,അപ്രന്റിസ് ക്ലാർക്ക്).ഇപ്രകാരം സംഭവിക്കാനുണ്ടായ സാഹചര്യം വിശദമാക്കേണ്ടതാണ്.

## IV അക്വിറ്റൻസ്.ടോയിലറ്റ് ധനസഹായ വിതരണം.

ബിൽ.നം.CB..51/13-14 പ്രകാരം 16-12-2013 ന് ട്രഷറിയിൽനിന്നും 912500/- രൂപ തേർച്ചചെയ്തതിൽ 8,75,000/-വിതരണംചെയ്തതിന്റെ വിവരം അക്വിറ്റൻസിൽ ലഭ്യമാണ്.ശേഷിക്കുന്ന 37,500/- രൂപയുടെ വിതരണ വിവരം(വിതരണം ചെയ്തതായിട്ടോ,തിരിച്ചടച്ചതായിട്ടോ)അക്വിറ്റൻസിൽ ലഭ്യമല്ല.ഇക്കാര്യത്തിൽ വ്യക്തത നൽകാൻ നിർദ്ദേശിക്കുന്നു.

## V അക്വിറ്റൻസ് ചികിത്സാ ധനസഹായം.

1. TRY.Cheque No.GJ.3016900തീയതി 26-05-2015 പ്രകാരം 3,25,000/- 12 ഗുണഭോക്താക്കൾക്ക് വിതരണംചെയ്യാനായി മാറിയതിൽ 3,20,000/- രൂപ വിതരണംചെയ്തത് അക്വിറ്റൻസ് പ്രകാരം വ്യക്തമാണ്.എന്നാൽ ശേഷിക്കുന്ന 5000/- രൂപ സംബന്ധിച്ച വിതരണവിവരം അക്വിറ്റൻസിൽ ലഭ്യമല്ല.ഇക്കാര്യത്തിൽ വ്യക്തത നൽകാൻ നിർദ്ദേശിക്കുന്നു.

2. TRY.Cheque No.GJ.3467142 തീയതി 21-08-2015 പ്രകാരം 3,85,000/- 12 ഗുണഭോക്താക്കൾക്ക് വിതരണംചെയ്യാനായി മാറിയതിൽ 3,55,000/- രൂപ വിതരണം ചെയ്തത് അക്വിറ്റൻസ് പ്രകാരം വ്യക്തമാണ്.എന്നാൽ ശേഷിക്കുന്ന 30,000/- രൂപ, വിതരണം ചെയ്തതായിട്ടോ,തിരിച്ചടച്ചതായിട്ടോ അക്വിറ്റൻസിൽ രേഖപ്പെടുത്തിയിട്ടില്ല.

3. അക്വിറ്റൻസ് ക്രമനം.5-ശ്രീ.സുബ്രഹ്മണ്യൻ,വടക്കേവിളവീട്,അവണൂർ.പി.ഒഎന്നയാൾക്ക് 26-08-2015 ന് 50,000/- രൂപ വിതരണംചെയ്തതായി എസ്.സി.ഡി.ഒ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ഗുണഭോക്താവ് ഒപ്പിട്ട് തുക കൈപ്പറ്റിയതായി കാണുന്നില്ല.

4. ശ്രീമതി,ലക്ഷ്മി.എം.കെ കുന്നപ്പിള്ളി വീട്,പേരാമംഗലം എന്ന ഗുണഭോക്താവിന് 30,000/- രൂപ നല്കിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും Not Paid എന്നും-രേഖപ്പെടുത്തിയിരിക്കുന്നു.

5. 29-09-2016 ന് 70,000/- രൂപ രണ്ട് ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി ബിൽ.നം.CB..34/16-17 പ്രകാരം തേർച്ച ചെയ്തിട്ടുണ്ട്.

(എ).ശ്രീമതി.വാസന്തി,തെക്കേപ്പുറത്ത് വീട്,എടക്കളത്തൂർ,-20,000/-

(ബി).ശ്രീമതി.കുറമ്പകുട്ടി,മൈലാടത്ത് വീട്,കോലാഴി -50,000/-

എന്നാൽ ടി തുക ഏകദേശം രണ്ട് മാസങ്ങൾക്ക്ശേഷമാണ് ഗുണഭോക്താക്കൾക്ക് നൽകിയതായി ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്.മാത്രമല്ല,തുക വിതരണംചെയ്തതിന് മറ്റ് യാതൊരു രേഖകളുമില്ല.(ചെക്ക് മുഖേനയാണോ,ട്രാൻസ്ഫർ ക്രെഡിറ്റിലൂടെയാണോ എന്നൊന്നും രേഖപ്പെടുത്തിയിട്ടില്ല).

6. ബിൽ.നം.CB..38/16-17 പ്രകാരം 19-10-2016 ന് തേർച്ച ചെയ്ത 45,000/- രൂപ എപ്രകാരം വിതരണം ചെയ്തു എന്ന് വ്യക്തമല്ല.മാത്രമല്ല ടി തുകയുടെ വിതരണവിവരം ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടുമില്ല.വിശദീകരണം നൽകേണ്ടതും ന്യൂനതകൾ പരിഹരിക്കേണ്ടതുമാണ്.

## VI അക്വിറ്റൻസ്-ശ്രീ.അയ്യൻകാളി മെമ്മോറിയൽ ടാലന്റ് സേർച്ച് ഡെവലപ്മെന്റ് സ്കീം.

ബിൽ.നം.CB..38/16-17 പ്രകാരം 26-10-2016 ന് മാറിയ 7875/- രൂപ വിതരണം നടത്തുന്നതിനായി അക്വിറ്റൻസിൽ 3 കുട്ടികളുടെ പേര് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വിതരണം ചെയ്തത് ചെക്ക് മുഖേനയാണോ, ട്രാൻസ്ഫർ ക്രെഡിറ്റിലൂടെയാണോ എന്നൊന്നും രേഖപ്പെടുത്തിയിട്ടില്ല.ചുവടെ പറയുന്ന ബില്ലുകളിലും സമാന രീതിയാണ് അവലംബിച്ചിട്ടുള്ളത്.

(എ).ബിൽ.നം.CB..42/16-17 തീയതി 26-10-2016 തുക- 5,250/-

(ബി).ബിൽ.നം.CB..43/16-17 തീയതി 26-10-2016 തുക-10,500/-

(സി).ബിൽ.നം.CB..44/16-17 തീയതി 26-10-2016 തുക-13,121/-

ഇക്കാര്യത്തിൽ വ്യക്തത നൽകാൻ നിർദ്ദേശിക്കുന്നു.

## പാർട്ട് III

## വിവിധ പദ്ധതികൾ സംബന്ധിച്ച്

### 1.മിശ്രവിവാഹധനസഹായം

1. 2013-14 വർഷം മുതൽ 2016-17 വർഷം വരെയുള്ള 4 വർഷക്കാലം ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| 2013-14 | 12 | 600000 |
| 2014-15 | 8 | 400000 |
| 2015-16 | 8 | 400000 |
| 2016-17 | 9 | 450000 |

2. മിശ്രവിവാഹധനസഹായം അനുവദിക്കപ്പെട്ട ദമ്പതിമാരുടെ പേരിൽ നിശ്ചിത വിലയ്ക്കുള്ള മുദ്രപ്പത്രം വാങ്ങിയിട്ടുണ്ടെങ്കിലും ക്രമപ്രകാരമുള്ള എഗ്രിമെന്റ് എക്സിക്യൂട്ട് ചെയ്തിട്ടുള്ളതായി കാണുന്നില്ല. അപ്രകാരം ചെയ്യാതിരുന്നതിന് വിശദീകരണം നൽകേണ്ടതും ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട്ചെയ്യേണ്ടതുമാണ്

3. ധാരാളം വിവാഹ സർട്ടിഫിക്കറ്റുകൾ(ഒർജിനൽ) അപേക്ഷകളോടൊപ്പം കാണുകയുണ്ടായി. ഇവ മടക്കി നൽകി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

4. 2013-14 വർഷം 12 ഗുണഭോക്താക്കൾക്കായി 600000/- രൂപ അനുവദിച്ച തായി കാണുന്നു.എന്നാൽ 10 ഗുണഭോക്താക്കളുടെ യു.സി മത്രമാണ് അക്കൗണ്ടന്റ് ജനറലിന് അയച്ചത്. 2 ഗുണഭോക്താക്കളുടെ യു.സി കൂടി അക്കൗണ്ടന്റ് ജനറലിന് അയച്ച് വിവരം റിപ്പോർട്ട്ചെയ്യേണ്ടതാണ്.

5. മിശ്രവിവാഹിതരായ ദമ്പതിമാരുടെ ഒരുമിച്ചുള്ള പാസ്പോർട്ട്സൈസ് ഫോട്ടോ രജിസ്റ്ററിൽ പതിക്കുകയും അപേക്ഷകരുടെവിവരം നിശ്ചിതമാതൃക യിൽ രജിസ്റ്ററിൽരേഖപ്പെടുത്തി- ഓഫീസർ ഒപ്പിട്ട്- സൂക്ഷിക്കേ ണ്ടതുമാണെന്നിരിക്കെ ചില ഗുണഭോക്താക്കൾക്ക് ഇത് ബാധകമ ല്ലെന്ന്കാണുന്നു. നിർദ്ദേശങ്ങൾ കർശനമായി പാലിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 2.വിവാഹധനസഹായം.

1. 2013-14 വർഷം മുതൽ2016-17 വർഷംവരെയുള്ള 4 വർഷക്കാലം_വിവാഹധനസ ഹായം നൽകുന്നതിനായി ചെവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| 2013-14 | 85.(80X50000, 5 X20000) | 41000000/- |
| 2014-15 | 40 (40 X50000) | 2000000 |
| 2015-16 | 28(28X50000) | 1400000 |
| 2016-17 | 52(51X50000, 1 X20000) | 2570000 |

2. അപേക്ഷകളും അനുബന്ധരേഖകളും,ആനുകൂല്യം അനുവദിച്ച മേലാഫീസറുടെ ഉത്തരവുകളും ക്രമമായി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. രജിസ്റ്റർ പരിപാലിക്കുന്നതിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.ആനുകൂല്യം അനുവദിച്ച ഉത്തരവ്നമ്പർ,തീയതി എന്നിവ രജിസ്റ്ററിൽരേഖപ്പെടുത്തി- ഓഫീസർ ഒപ്പിട്ട്-സൂക്ഷിക്കേണ്ടതാണ്. ഗുണഭോക്താക്കളുടെ ഫോട്ടോ രജിസ്റ്ററിൽ പതിക്കുന്നതിൽ ഒരുകാരണവശാലും വീഴ്ച വരുത്തരുത്. ധാരാളം വിവാഹ സർട്ടിഫിക്കറ്റുകൾ(ഒർജിനൽ) അപേക്ഷകളോടൊപ്പം കാണുകയുണ്ടായി.ഇവ മടക്കിനല്കി വിവരം റിപ്പോർട്ട്ചെയ്യേണ്ടതാണ്.

3. യു.സി അയയ്ക്കുന്നതിന്റെ കോപ്പി ഫയലിലും സൂക്ഷിക്കേണ്ടതാണ്

നിർദ്ദേശങ്ങൾ കർശനമായി പാലിച്ച് വിവരം റിപ്പോർട്ട്ചെയ്യേണ്ടതാണ്.

## 3. ചികിത്സാധനസഹായം

1. 2013-14 വർഷം മുതൽ2016-17 വർഷംവരെയുള്ള 4 വർഷക്കാലം ചികിത്സാ ധനസഹായം നൽകുന്നതിനായി ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു,

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക | ചെലവഴിച്ച തുക | ബാലൻസ് തുക | തിരിച്ചടച്ച തുക |
|---|---|---|---|---|---|
| 2013-14 | 18 | 31,00,000 | - | - | - |
| 2014-15 | 40 | 10,63,000 | - | - | - |
| 2015-16 | 39 | 1115000 | 1065000 | 50000 | Balance amount In spl. TSB |
| 2016-17 | 47 | 906500 | 836500 | 70000 | Balance amount In spl. TSB |

2. 2013-14,2014-15 വർഷങ്ങളിലെ വിവരം പരിശോധനയ്ക് ലഭ്യമാക്കിയില്ല.

3. ചികിൽസാധനസഹായത്തിനായി പ്രത്യേക രജിസ്റ്റർ പരിപാലിക്കുന്നതായി കണ്ടില്ല. എന്നാൽ അക്വിറ്റൻസ് നല്ല നിലയിൽ പരിപാലിക്കുന്നുണ്ട്.ഓരോ ബിൽ പ്രാകാരമുള്ള paymentന് ശേഷം abstact എഴുതുന്നുണ്ട്. അപേക്ഷകളും അനുബന്ധരേഖകളും നല്ല നിലയിൽ സൂക്ഷിക്കുന്നുണ്ട്.

4. യു.സി അയച്ചതിന്റെ പകർപ്പ് അതാതു വർഷത്തെ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

## 4 .ഭൂരഹിത പുനരധിവാസ പദ്ധതി.

1. 2013-14 വർഷം മുതൽ2016-17 വർഷംവരെയുള്ള 4 വർഷക്കാലം_ഭൂരഹിത പുനരധിവാസ ധനസഹായം നൽകുന്നതിനായി ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | നൽകിയ ഭൂമിയുടെ അളവ് സെന്റിൽ | ചെലവഴിച്ച തുക |
|---|---|---|---|
| 2013-14 | 32 | 99 | 4800000 |
| 2014-15 | 21 | 104.082 | 7806150 |
| 2015-16 | 18 | 89 | 6675000 |
| 2016-17 | 16 | 78 | 5820000 |

അപേക്ഷകളും അനുബന്ധരേഖകളും ഫയലുകളും പരിശോധിച്ചതിൽ കണ്ടെത്തിയ വസ്തുതകൾ ചുവടെ പറയുന്നു.

1. 2013-14 വർഷം 12 ഗുണഭോക്താക്കൾക്ക് ഒരു വ്യക്തിയുടെ ഒരു സർവ്വേ നമ്പറിൽപ്പെട്ട പ്ലോട്ടിൽനിന്നും സ്ഥലം അനുവദിച്ചതായി കാണുന്നു.ഇത്തരം നടപടികൾ കോളനിവൽക്കരണം പ്രോൽസാഹിപ്പിക്കാൻ ഇടയാക്കുമെന്നതിനാൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്

2. അപേക്ഷകളും അനുബന്ധരേഖകളും ക്രമമായി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്

3. ആനുകൂല്യം അനുവദിച്ച ഉത്തരവുകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്

4. ആനുകൂല്യം അനുവദിച്ച ഉത്തരവ്നമ്പർ,തീയതി എന്നിവ രജിസ്റ്ററിൽരേഖപ്പെടുത്തുന്നതിൽ ശ്രദ്ധക്കുറവുള്ളതായി കാണുന്നു.

4. ഗുണഭോക്താക്കളുടെ ഫോട്ടോ രജിസ്റ്ററിൽ പതിക്കുന്നതിൽ ചിലരെ ഒഴിവാക്കിയിട്ടുണ്ട്.ഉദാ:ശ്രീ.വിനോദ്കുമാർ,സി.വി.ചിറക്കത്താഴത്ത് ഹൗസ്,അവണൂർ(2015-16)

5. .നിശ്ചിത തുകയ്ക്കുള്ള മുദ്രപ്പത്രം ഗുണഭോക്താക്കൾ വാങ്ങി നൽകിയിട്ടുണ്ടെങ്കിലും അതിൽ ആവശ്യമായ വിവരങ്ങൾ ടൈപ്പുചെയ്തോ,എഴുതിയോ ചേർക്കുന്നില്ല. ബന്ധപ്പെട്ട ഓഫീസറും ഗുണഭോക്താക്കളും ഒപ്പിടുന്നില്ല.2013-14 മുതൽ2016-17വരെയുള്ള എല്ലാ വർഷങ്ങളിലും ഇതുതന്നെയാണവസ്ഥ. ന്യൂനത പരിഹരിക്കുന്നതിന് സത്വരനടപടിസ്വീകരിച്ച് വിവരം റിപ്പോർട്ട്ചെയ്യേണ്ടതാണ്.

6.ഗുണഭോക്താക്കൾക്ക് ആധാരങ്ങൾ തിരികെ നൽകുന്നതിൽ വേണ്ടത്ര ശ്രദ്ധയില്ലെന്നു കാണുന്നു.(2013-14 വർഷത്തെ 23 ആധാരങ്ങൾ ഇപ്പോഴും ആഫീസിൽ സൂക്ഷിക്കുന്നുണ്ട്.) അനുവദിച്ചു നൽകിയ സ്ഥലം ഗുണഭോക്താവിന്റെ പേരിൽകൂടി കരമടച്ചു കഴിഞ്ഞാൽ ആധാരങ്ങൾ ഓഫീസിൽ സൂക്ഷിക്കേണ്ട കാര്യമില്ല.ഇക്കാര്യത്തിൽ സത്വര നടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

7. 4 വർഷത്തേയും യു.സി അയച്ചിട്ടുള്ളതായി കാണുന്നു.

## 5. ഭവന നിർമ്മാണ ധനസഹായം

2007-08 മുതൽ 2016-17 വരെയുള്ള .ഭവന നിർമ്മാണ ധനസഹായ പദ്ധതിയുടെ പുരോഗതിവിവരം ചുവടെ കാണിക്കുന്നു.

| വർഷം. | ടാർജറ്റ് | പൂർത്തിയായവ | പൂർത്തിയാക്കാൻ ഉള്ളത് | പൂർത്തിയാക്കാനുള്ള ഭവനങ്ങളുടെ സ്റ്റേജ് വിവരം | | |
|---|---|---|---|---|---|---|
| | | | | I | II | III |
| 2007-08 | 88 | 88 | 0 | 0 | 0 | 0 |
| 2008-09 | 69 | 64 | 5 | 0 | 1 | 4 |
| 2009-10 | 55 | 48 | 7 | 2 | 0 | 5 |
| 2010-11 | 31 | 25 | 6 | 0 | 1 | 5 |
| 2011-12 | 18 | 12 | 6 | 2 | 3 | 1 |
| 2012-13 | 23 | 22 | 1 | 0 | 0 | 1 |
| 2013-14 | 24 | 23 | 1 | 0 | 1 | 0 |
| 2014-15 | 21 | 18 | 3 | 0 | 2 | 1 |
| 2015-16 | 25 | 17 | 8 | 2 | 2 | 4 |
| 2016-17 | 73 | 35 | 38 | 17 | 9 | 12 |
| ആകെ | 427 | 352 | 75 | 23 | 19 | 33 |

ഇപ്പോഴും ഒന്നാം ഗഡുവിൽ നിൽക്കുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം സംബന്ധിച്ച് ഇപ്പോഴത്തെ അവസ്ഥ അന്വേഷിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് ഗുണഭോക്താക്കളുടെ മീറ്റിംഗ് വിളിച്ചുചേർത്ത് ഒരു പ്രവർത്തന കലണ്ടർ തയ്യാറാക്കുന്നതിന് ശ്രമിക്കേണ്ടതാണ്.ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് മെമ്പർമാരേയും ഈ വിഷയത്തിൽ ബന്ധപ്പെടുത്താവുന്നതാണ്.

അപേക്ഷകളും അനുബന്ധരേഖകളും,ആനുകൂല്യം അനുവദിച്ച മേലാഫീസറുടെ ഉത്തരവുകളും ക്രമമായി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. രജിസ്റ്റർ പരിപാലിക്കുന്നതിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.ഗഡുക്കൾ അനുവദിക്കുന്നത് യഥാസമയം രജിസ്റ്ററിൽ രേഖപ്പെടുത്താൻ ശ്രമിക്കേണ്ടതാണ്. ഗുണഭോക്താക്കളുടെ ഫോട്ടോ പതിക്കാൻ രജിസ്റ്ററിൽ പ്രത്യേക കോളം ഉണ്ടെങ്കിലും ചില ഗുണഭോക്താക്കൾക്ക് ഇതിൽ ഇളവ് നൽകിയതായി കാണുന്നു.

## 6.ഭവന പുനരുദ്ധാരണ പദ്ധതി.

2013-14 മുതൽ 2016-17 വരെയുള്ള വർഷങ്ങളിൽ ഭവന പുനരുദ്ധാരണ പദ്ധതി പ്രകാരം ധനസഹായം നൽകിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ടാർജറ്റ് | പൂർത്തിയാക്കിയവർ | ശേഷിക്കുന്നവർ |
|---|---|---|---|
| 2013-14 | 27 | 27 | -- |
| 2014-15 | 30 | 29 | 1 |
| 2015-16 | 31 | 31 | -- |
| 2016-17 | 45 | 45 | -- |

ഓരോ വർഷത്തേയും അപേക്ഷകളും അനുബന്ധരേഖകളും ക്രമമായി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ എൻജിനിയറിൽ നിന്നുള്ള എസ്റ്റിമേറ്റ് (പ്ലാൻ ആവശ്യമുള്ളവരിൽനിന്നും) ലഭ്യമായതിനുശേഷമാണ് ഒന്നാം ഗഡു അനുവദിച്ചിട്ടുള്ളത് .അതുപോലെ Completion Certificate ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ എൻജിനിയറിൽ നിന്നു വാങ്ങിയശേഷമാണ് അവസാന ഗഡു നല്കിയതെന്നും കാണുന്നു. 2013-14 മുതൽ 2016-17 വരെയുള്ള ഭവന പുനരുദ്ധാരണ പദ്ധതി യിൽ 2014-15 വർഷം ധനസഹായം അനുവദിച്ച ഒരു ഗുണഭോക്താവ് മാത്രമേ രണ്ടാം ഗഡു വാങ്ങാൻ ശേഷിക്കുന്നുള്ളു എന്ന് കാണുന്നു. ശ്രീമതി.മല്ലിക,w/o രാഘവൻ,തത്തംപള്ളി ഹൗസ്,പറപ്പൂർ. ടി ഗുണഭോക്താനിന്റെ ഇപ്പോഴത്തെ അവസ്ഥ അന്വേഷിച്ച് റിപ്പോർട്ട്ചെയ്യേണ്ടതും, നിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

ഗുണഭോക്താക്കൾ വാങ്ങി നൽകിയിട്ടുള്ള മുദ്രപ്പത്രത്തിൽ ആവശ്യമായ വിവരങ്ങൾ ടൈപ്പുചെയ്തോ,എഴുതിയോ ചേർത്ത് ഓഫീസറും ഗുണഭോക്താക്കളും ഒപ്പിട്ട് സൂക്ഷിക്കേണ്ടതും വിവരം റിപ്പോർട്ട്ചെയ്യേണ്ടതുമാതാണ് .

## 7. ടോയിലറ്റ്നിർമ്മാണ ധനസഹായ പദ്ധതി.

1. 2015-16മുതൽ 2016-17 വരെയുള്ള വർഷങ്ങളിൽ ടോയിലറ്റ്നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം ധനസഹായം നൽകിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | പൂർത്തയാക്കിയവർ | ശേഷിക്കുന്നവർ |
|---|---|---|---|
| 2013-14 | 63 | 93 | -- |
| 2014-15 | 60 | 59 | 1 |
| 2015-16 | 45 | 40 | 5 |
| 2016-17 | -- | -- | -- |

മറ്റ് പരാമർശങ്ങളില്ല

## 8. ലംപ്സംഗ്രാന്റ് വിതരണം

1.വിവിധ വർഷങ്ങളിൽ എസ്.സി-ഒ.ഇ.സി വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ് നൽകുന്നതിനായി ചെലവഴിച്ച തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | വിഭാഗം | സ്കൂളുകളുടെ എണ്ണം | വിദ്യാർത്ഥികളുടെ എണ്ണം | അനുവദിച്ച തുക | ചെലവഴിച്ച തുക | തിരിച്ചടച്ച തുക |
|---|---|---|---|---|---|---|
| 2013-14 | S.C | 43 | 2707 | 1587020 | 1395500 | 191520 |
| | O.E.C | | 25 | 100000 | 96670 | 3330 |
| 2014-15 | S.C | 44 | 2667 | 1453875 | 1363250 | 90625 |
| | O.E.C | | 30 | 56500 | 43750 | 12750 |
| 2015-16 | S.C | 44 | 2670 | 1419125 | 1313875 | 105250 |
| | O.E.C | -- | -- | -- | -- | -- |
| 2016-17 | S.C | 41 | 2469 | 1324500 | 1229125 | 95375 |
| | O.E.C | -- | -- | -- | -- | -- |

2. ലംപ്സംഗ്രാന്റ് രജിസ്റ്റർ നന്നായി പരിപാലിക്കുന്നുണ്ട്. രജിസ്റ്ററിലെ എല്ലാകോള ങ്ങളിലും രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ട്.തിരിച്ചടച്ച തുകകളുടെ ചെല്ലാൻ നമ്പർ തീയതി എന്നിവ രജിസ്റ്ററിൽ കാണിച്ചിട്ടുണ്ട്.എല്ലാ എൻട്രികളും ഓഫീസർ ഒപ്പിട്ടിട്ടുണ്ട്. അക്വിറ്റൻസ് സ്കൂളുകളിൽനിന്ന് വാങ്ങി ക്രമമായി സൂക്ഷിച്ചിട്ടുണ്ട്.

3. O.E.C വിഭാഗം വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റ് വിതരണവുമായി ബന്ധപ്പെട്ട സംശയങ്ങൾ ദൂരീകരിക്കുന്നതിന് ചുവടെ പറയുന്ന പ്രഫോർമയിൽ വിവരങ്ങൾ ലഭ്യമാ ക്കേണ്ടതാണ്.

1.

| Year | L.P -Section | |
|---|---|---|
| | No.Students | |
| | Amt.sanctioned | |
| | Amt.disbursed | |
| | Balance | |

2.

| Year | U.P -Section | |
|---|---|---|
| | No.Students | |
| | Amt.sanctioned | |
| | Amt.disbursed | |
| | Balance | |

3.

| Year | H.S -Section | |
|---|---|---|
| | No.Students | |
| | Amt.sanctioned | |
| | Amt.disbursed | |
| | Balance | |

**9 .പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്.**

2015-16, 2016-17 വർഷങ്ങളിൽ പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് പദ്ധതി പ്രകാരം ധനസ ഹായം നൽകിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | കുട്ടികളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2013-14 | | |
| 2014-15 | 1008 | 2016000 |
| 201516 | | |
| 201617 | | |

**10.ശ്രീ.അയ്യൻകാളി ടാലന്റ് സേർച്ച് ഡവലപ്മെന്റ് സ്കീം.**

2013-14 മുതൽ 2016-17 വരെയുള്ള വർഷങ്ങളിൽ ധനസഹായം നല്കിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | പഴയ കുട്ടികളുടെ എണ്ണം | പുതിയ കുട്ടികളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|---|
| 2013-14 | 14 | 13 | 1,21,500/- |
| 2014-15 | 4 | 9 | 58,500/- |
| 2015-16 | 5 | 5 | 45,000/- |
| 2016-17 | 10 | 1 | 63,000/- |

തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികളുടെ രജിസ്റ്റർ പരിപാലിക്കുന്നു.ഈ രജിസ്റ്റർതന്നെയാണ് അക്വിറ്റൻസായും ഉപയോഗിക്കുന്നത്. അക്വിറ്റൻസിൽ തീയതിവച്ച് ഒപ്പിടുന്നുവെന്ന ഉറപ്പുവരുത്തേണ്ടതാണ്.ഈ സ്കീമിലേയ്ക് തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളുടെ പഠന നിലവാരം സ്കൂൾ അധികൃതരുമായി ബന്ധപ്പെട്ട് പരിശോധിക്കേണ്ടതും എസ്.സി പ്രമോട്ടർമാർ കുട്ടികളുടെ ഭവനങ്ങളിൽ സന്ദർശനംനടത്തി പഠനനിലവാരം ഉറപ്പുവരുത്തേണ്ടതുമാണ്. 4 വർഷത്തേയും യു.സി അയച്ചിട്ടുള്ളതായി കാണുന്നു.

**11.പാരലൽ കോളേജ് എഡ്യുക്കേഷൻ എയ്ഡ്**

1. 2013-14 മുതൽ 2016-17 വരെയുള്ള വർഷങ്ങളിൽ ധനസഹായം നൽകിയ വിദ്യാർത്ഥികളുടെ വിവരം അനുവദിച്ച തുക എന്നിവ ചുവടെ ചേർക്കുന്നു.

| വർഷം | സ്ഥാപനങ്ങളുടെ എണ്ണം | വിദ്യാർത്ഥികളുടെ എണ്ണം | | അനുവദിച്ച തുക | |
|---|---|---|---|---|---|
| | | S.C | O.E.C | S.C | O.E.C |
| 2013-14 | 3 | 25 | 8 | 157560 | 51426 |
| 2014-15 | 3 | 22 | -- | 130845 | -- |
| 2015-16 | 3 | 16 | 27 | 108270 | 153317 |
| 2016-17 | 3 | 53 | 2 | 283253 | 10939 |

2. പാരലൽ കോളേജിൽ പഠിയ്ക്കുന്ന വിദ്യാർത്ഥികളുടെ ധനസഹായം വിതരണം ചെയ്യുന്നതിന് നിശ്ചിത മാതൃകയിലുള്ള അക്വിറ്റൻസ് നിലവിലുണ്ടെങ്കിലും CB.No.141/14-15 (തുക 126938/-)പ്രകാരം മാറിയ തുകയുടെ വിതരണം ടി അക്വിറ്റൻസിലൂടെയല്ല നടത്തിയിരിക്കുന്നത്.വിവിധ പദ്ധതികളുടെ വിതരണ രജിസ്റ്റർവഴി ടി തുക വിതരണംചെയ്യേണ്ടിവന്ന സാഹചര്യം വിശദീകരിക്കേണ്ടതാണ്.

3. വിതരണ രജിസ്റ്ററിൽ ബിൽ നമ്പർ,തുകമാറിയ തീയതി എന്നിവയും വിതരണ സംക്ഷിപ്തവും രേഖപ്പെടുത്തുന്നതിൽ അലംഭാവമുണ്ട്.

4. 2016-17 സാമ്പത്തികവർഷംമുതൽ ധനസഹായം വിദ്യാർത്ഥികളുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്താണ് നൽകുന്നത്.എങ്കിലും അക്വിറ്റൻസ് പഴയരീതിയിൽ പരിപാലിക്കുന്നുണ്ട്.

**12.പ്രത്യേക പ്രോത്സാഹന സമ്മാനം**

2013-14 മുതൽ 2016-17 വരെയുള്ള വർഷങ്ങളിൽ ഈ പദ്ധതി പ്രകാരം ധനസഹായം നൽകിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | കുട്ടികളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2013-14 | 89 | 97,250/- |
| 2014-15 | 65 | 16,1000/- |
| 2015-16 | 113 | 307,000/- |
| 2016-17 | 142 | 3,28,500/- |

മറ്റ് പരാമർശങ്ങളില്ല

## പാർട്ട് III

### മറ്റ് രജിസ്റ്ററുകൾ

**1. ഡെസ്പാച്ച് കം സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ**

പരിശോധനാസമയത്ത് (30-12-2017) 207/- രൂപയുടെ സ്റ്റാമ്പ് ബാലൻസ് ഉണ്ടായിരുന്നു.ഇത് പരിശോധിച്ച് ബോധ്യപ്പെട്ടു. മാസന്തോറും ഫിസിക്കൽ വെരിഫിക്കേഷൻ നടത്തുന്നുണ്ട്. SCDO ദൈവാര ഭൗതിക പരിശോധന നടത്തുന്നതായി കാണുന്നില്ല ഗവ.സർക്കുലർ നം.43/88/ഫിൻ തീയതി 03/06/1988 പ്രകാരം ദൈവാര ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

**2.ഫർണിച്ചർ രജിസ്റ്റർ**

വളരെ പഴക്കംചെന്ന ഫർണിച്ചർ രജിസ്റ്റർ ആണ് ഈ ഓഫീസിൽ പരിപാലിച്ചുവരുന്നത്.1947 ൽ ആരംഭിച്ച ഈ രജിസ്റ്റർ കാലപ്പഴക്കംകൊണ്ട് ജീർണിച്ചതാണ്.ഇലക്ട്രോണിക് ഉപകരണങ്ങൾക്ക് പ്രത്യേക രജിസ്റ്റർ പരിപാലിക്കുന്നുണ്ട്.രേഖപ്പെടുത്തലുകൾ തീയതിവച്ച് എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും വാർഷിക പരിശോധനടത്തുന്നില്ല. ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

**3.ആഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ**

KFC Vol. I –ART-63 പ്രകാരമുള്ള ആഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ പരിപാലിക്കാൻ നിർദ്ദേശമുണ്ട്.എന്നാൽ ഈഓഫീസിൽ ഇപ്രകാരമുള്ള രജിസ്റ്റർ പരിപാലിക്കുന്നില്ല. ഓരോ കലണ്ടർ വർഷത്തിലും ലഭിക്കുന്ന ആഡിറ്റ് ഒബ്ജക്ഷൻ- ഇപ്രകാരം ഒരു രജിസ്റ്റർ പരിപാലിച്ച്-രേഖപ്പെടുത്തിസൂക്ഷിക്കാൻ നിർദ്ദേശിക്കുന്നു.

**4.SC പ്രമോട്ടേഴ്സിന്റെ വർക്ക്ഡയറി.**

.സ.ഉ(അച്ചടി) 86/2010 തീയതി.28/07/2010 പ്രകാരം SC പ്രമോട്ടേഴ് വർക്ക്ഡയറി നിശ്ചിത മാതൃകയിൽ എഴുതിസൂക്ഷിക്കേണ്ടതാണ്. വർക്ക്ഡയറി വെള്ള പേപ്പറിൽ എഴുതിസൂക്ഷിക്കുന്നതാണ് ഇവിടുത്തെ രീതി. മറ്റ് പരാമർശങ്ങൾ ഇല്ല.

## 5.C.R.D.R

24-10-2011 ന് ശേഷം സി.ആർ.ഡി.ആർ പരിപാലിക്കുന്നില്ല.

## 6.സർവ്വീസ് ബുക്കും, സർവ്വീസ് ബുക്ക്രജിസ്റ്ററും

ഓഫീസിലെ സീനിയർ ക്ലാർക്ക് ശ്രീമതി സുനിറ്റ ജോസ് ചിറ്റിലപ്പള്ളി യുടെ സർവ്വീസ് ബുക്ക്മാത്രമാണ് ഇവിടെയുള്ളത്. സർവ്വീസ് ബുക്ക് രജിസ്റ്റർ പരിപാലിച്ച് വിവരങ്ങൾ രേഖപ്പെടുത്തിസൂക്ഷിക്കുന്നില്ല. ശ്രീമതി സുനിറ്റ ജോസ് ചിറ്റിലപ്പള്ളി യുടെ ലീവ് അക്കൗണ്ടുകൾ Up date ചെയ്യേണ്ടതാണ്. മറ്റ് പരാമർശങ്ങൾ ഇല്ല.

## പൊതു അഭിപ്രായം

മെച്ചപ്പെട്ട സ്ഥലസൗകര്യം ഇവിടെയുണ്ട്. ഓഫീസ് അന്തരീക്ഷം പൊതുവെ സമാധാനപരമായി തോന്നുന്നു. ബ്ലോക്ക്പഞ്ചായത്ത് ,ജനപ്രതിനിധികൾ, ഗുണഭോക്താക്കൾ എന്നിവരുമായി നല്ലബന്ധം പുലർത്തുന്നതായി കാണുന്നു. പൊതുവിൽ ഓഫീസ് പ്രവർത്തനം തൃപ്തികരമാണ്. ഓഫീസ് രേഖകൾ സൂക്ഷിക്കുന്നതിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടിയിരിക്കുന്നു.

റിപ്പോർട്ട് അംഗീകാരത്തിന് സമർപ്പിക്കുന്നു.

കെ.കെ.പ്രസാദ്.

സീനിയർസൂപ്രണ്ട്,ഫിൻ.ഇ ഓഡിറ്റ്.

2.കെ.കെ.ശ്രീരാജ്

സീനിയർ ക്ളാർക്ക് ഫിൻ.ഇ

(ഒപ്പ് /-)

ഡയറക്ടർക്കുവേണ്ടി

സീനിയർ ഫിനാൻസ് ഓഫീസ്